നന്തിക്കര സർക്കാർ ഹൈസ്ക്കൂളിനോടനുബന്ധിച്ചു പ്രവർത്തിച്ചു വരുന്ന ലോവർ പ്രൈമറി വിഭാഗം

1422. [2020] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നന്തിക്കര സർക്കാർ ഹൈസ്ക്കൂളിനോടനുബന്ധിച്ചു പ്രവർത്തിച്ച് വരുന്ന ലോവർ പ്രൈമറി വിഭാഗം ഇപ്പോഴുള്ള കെട്ടിടത്തിൽ പ്രവർത്തിപ്പിച്ചു ഹൈസ്ക്കൂൾ വിഭാഗത്തിന് പുതിയ കെട്ടിടം പണിതു വേർപെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ;

(ബി) സ്ക്കൂൾ കെട്ടിടത്തിന് ചുറ്റും മതിൽ കെട്ടി സംരക്ഷിക്കുമോ ?

ഉത്തരം

(എ) അന്വേഷിച്ചു തക്കനടപടി സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള സാമ്പത്തിക പരിമിതികൂടി കണക്കിലെടുത്ത് വേണ്ട നടപടികൾ യഥാസമയം സ്വീകരിക്കുന്നതാണ്.

പൊറത്തശ്ശേരി ഗവൺമെൻറ് ഹൈസ്ക്കൂൾ കെട്ടിടം നിർമ്മാണം

1423. [2021] ശ്രീ. പി. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് നിയോജക മണ്ഡലത്തിലെ പൊറത്തശ്ശേരി ഗവൺമെൻറ് ഹൈസ്ക്കൂൾ നിർമ്മാണത്തിനായി ഗവൺമെൻറ് ഏറ്റവും അവസാനമായി തുക അനുവദിച്ചത് എന്നാണ് ;

(ബി) എത്ര രൂപാ ;

(സി) ഈ തുക എന്തിനായി ചെലവിട്ടു ;

(ഡി) ഈ സ്ക്കൂളിൽ അടിയന്തിരമായി കെട്ടിടം നിർമ്മിക്കാനാവശ്യമായ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) പൊറത്തശ്ശേരി ഹൈസ്ക്കൂൾ കെട്ടിടത്തിൻെറ അറ്റകുറ്റപണികൾക്കായി ഈ വർഷം 42,700 രൂപ അനുവദിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിന് തുകയൊന്നും അനുവദിച്ചിട്ടില്ല.

(ബി) ഉദിക്കുന്നില്ല.

(സി) ഉദിക്കുന്നില്ല.

(ഡി) സ്ക്കൂൾ കെട്ടിട നിർമ്മാണത്തിനായുള്ള മുൻഗണനാ ലിസ്റ്റിൽ പ്രസ്തുത സ്ക്കൂളും ഉൾപ്പെടുത്തിയിട്ടുണ്ട്. സാമ്പത്തികനില മെച്ചപ്പെടുന്നതനുസരിച്ചും മുൻഗണനാക്രമം അനുസരിച്ചും കെട്ടിടം നിർമ്മിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly